മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

1. കൈക്കൂലി.
2. സ്വജനപക്ഷപാതം.
3. ഗവണ്മെൻറ് മുതൽ ദുരുപയോഗപ്പെടുത്തൽ.
4. യാത്രപ്പടി, വീട്ടുവാടക മുതലായവ കളവായി വാങ്ങുക.
5. അധികാരദുർവിനിയോഗം.
6. ഒഴിവാക്കപ്പെടാവുന്ന കാലതാമസം.
7. ഗവണ്മെൻറ് മുതൽ അപഹരിക്കുക.
8. കൃത്യവിലോപം.
9. നിയമവിരുദ്ധവും ക്രമരഹിതവുമായ നടപടികൾ.

മിസ്റ്റർ സ്പീക്കർ : ഇതോടൊന്നിച്ചു് ചോദ്യം 25-ന കൂടി മറുപടി നൽകാം.

അഴിമതി അന്വേഷണം.

* 167. [25] ശ്രീ. പി. കെ. അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1960 മുതൽ പരാതി ലഭിച്ചിട്ടുള്ളതും ഇതുവരെയും കാലതാമസമായി അന്വേഷണം പൂർത്തിയാകാത്തതുമായ എത്ര കേസ്സുകൾ അഴിമതി അന്വേഷണ വകുപ്പിന്റെ കീഴിൽ ഉണ്ടു് ;

(ബി) അഴിമതി അന്വേഷണത്തെ തുടർന്നു സമർപ്പിച്ച റിപ്പോർട്ടുകളിൽ സർക്കാർ തീരുമാനം എടുക്കാത്ത എത്ര കേസ്സുകൾ ഉണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1960 മുതൽ 1963 അവസാനംവരെ ലഭിച്ചതിൽ 994 പരാതികളും 1963 അവസാനംവരെ രജിസ്റ്റർ ചെയ്തതിൽ 20 ക്രൈം കേസ്സുകളും അന്വേഷണം പൂർത്തിയാകാതെയുണ്ടു്.

(ബി) നടപടിയിലിരിക്കുന്ന 15 കേസ്സുകൾ ഉണ്ടു്.

WRITTEN ANSWERS.

പോലീസ് സ്റ്റേഷനുകൾക്കു് വാഹനങ്ങൾ.

* 168. [23] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഏതെല്ലാം പോലീസ് സ്റ്റേഷനുകൾക്കു് ജീപ്പോ മറ്റേതെങ്കിലും വാഹനസൗകര്യമോ ലഭിക്കേണ്ടതാണെന്നു ബന്ധപ്പെട്ട അധികാരികൾ ഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ടു് ;

(ബി) അവയിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾക്കു് വാഹനങ്ങൾ കൊടുത്തിട്ടുണ്ടു് ;

(സി) ഇതുവരെ വാഹനങ്ങൾ കൊടുക്കാത്ത സ്റ്റേഷനുകൾക്കു് വാഹനങ്ങൾ കൊടുക്കുവാനുള്ള നടപടികൾ എന്തു പുരോഗമിച്ചു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) അങ്ങനെ ഒരാവശ്യം ഉന്നയിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ഭക്ഷ്യ വിഷബാധ കേസ്സുകൾ.

* 169. [24] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly